നം.കെ.എസ്.എ.-കെ.ടി.എം.പി4/315/2019 തീയതി :17.04.2019

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2017 മുതൽ 18.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.03.2019-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.03.2019 മുതൽ 28.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ഡോ.റാണി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.മാത്തുക്കുട്ടി ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി സിൽബി ജെയ്സൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ. ജോണി നെല്ലരി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ഓമന ശിവശങ്കരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി ഷീബ സ്റ്റീഫൻ | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റീന കുര്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷീബ സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. മരങ്ങാട്ടുപിള്ളി | ഡോ.മാത്യൂസ് ജി. മുരിക്കൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പൻസറി, ആണ്ടൂർ | ഡോ.പ്രീതി ജി. നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.സുനിതാ ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീ.ബിലാൽ കെ. റാം | 01.04.2017 മുതൽ 16.11.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | ശ്രീ.സനൽ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മേരിക്കുട്ടി കെ.സി. | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി വിസി ബി.ആർ. | 01.06.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്., മണ്ണയ്ക്കനാട് | ശ്രീ.സുരേഷ് കുമാർ പി.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.സോജൻ കെ.എസ്. | 01.04.2017 മുതൽ 17.12.2017 വരെ |
| | ശ്രീ.സനീഷ് കെ.ബി | 18.12.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജൂലി ജോസ് | 01.04.2017 മുതൽ 03.07.2017 വരെ |
| | ശ്രീമതി ജമിനി ജോൺ | 04.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശ്രീകുമാർ എസ്. കൈമൾ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 26.04.2017 വരെ |
| | ശ്രീമതി റാണി തണ്ടാർ | 27.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം

| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | വസ്തുനികുതി നിർണ്ണയം - സഞ്ചയ സോഫ്റ്റ്വെയറിൽ കണ്ടെത്തിയ അപാകങ്ങൾ |
| 2-1-2 | പള്ളി വക പാരീഷ് ഹാളിന് നികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-3 | മോട്ടോർ ഷെഡ് ഉപയോഗത്തിന് ഒരു വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് നികുതി ഒഴവാക്കി നൽകി |
| 2-1-4 | അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തെറ്റായി വിജ്ഞാപനം ചെയ്തു-ബാങ്ക് കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു |
| 2-1-5 | വസ്തുനികുതി നിർണ്ണയം നടത്താതെയും ലൈസൻസ് ഇല്ലാതെയും ഫ്യൂവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നു |
| 2-2-1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല |

| | |
|---|---|
| 2-2-2 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല |
| 2-3-1 | ഡി & ഒ ട്രേഡ് ലൈസൻസ് |
| 2-3-2 | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 2-3-3 | മുൻവർഷം ഈടാക്കിയതിൽ കുറഞ്ഞ നിരക്കിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കി |
| 2-3-4 | സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു |
| 2-3-5 | ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല |
| 2-4 | ഇ-ടെൻഡർ ഫീസ് തിരികെ ലഭ്യമാക്കാത്തത് സംബന്ധിച്ച് |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | അധികമായി വകയിരുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല-കൺവീനർക്ക് അധിക തുക നൽകി |
| 3-2 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ നൽകുകയോ ചെയ്തിട്ടില്ല |
| 3-3 | കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-പിഴ ഈടാക്കിയിട്ടില്ല |
| 3-4 | തെരുവ് വിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-5 | സോഡിയം വേപ്പർ ലാമ്പുകൾ പ്രവർത്തിക്കുന്നില്ല-വൈദ്യുത ചാർജിനത്തിൽ ഭീമമായ തുക അടവാക്കുന്നു |
| 3-6 | ആശ്രയ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3-7 | കശുമാവ് കൃഷി വ്യാപനം-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | പശ്ചിമഘട്ട വികസന പദ്ധതി-വിഭാവനം ചെയ്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |

| | |
|---|---|
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 29.03.2017 ലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 43,05,055 | 1,60,69,663 | 1,17,64,608 | |
| വരവ് | 8,94,19,000 | 4,58,02,147 | | 4,36,16,853 |
| ആകെ | 9,37,24,055 | 6,18,71,810 | | 3,18,52,245 |
| ചെലവ് | 9,28,00,000 | 5,13,73,617 | | 4,14,26,383 |
| നീക്കിയിരിപ്പ് | 9,24,055 | 1,04,98,193 | 95,74,138 | |

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വളരെ വലിയ വ്യതിയാനം ഉള്ളതായി മേൽ പട്ടികയിലെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി ഇത്രയധികം അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയാണ് ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 24.05.18ലെ കത്ത് പ്രകാരം 30.05.2018 ൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 20.06.2018, 21.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 26.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി.4/1204/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,60,69,663 |
| വരവ് | 4,58,02,147 |
| ആകെ | 6,18,71,810 |
| ചെലവ് | 5,13,73,617 |
| നീക്കിയിരിപ്പ് | 1,04,98,193 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,11,81,000 | 1,11,81,000 | 96,86,404 | 14,94,596 | 86.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 17,48,931 | 17,48,931 | 17,48,931 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 62,975 | 62,975 | 55,180 | 7,795 | 87.6 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 58,36,000 | 58,36,000 | 58,36,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,91,000 | 25,91,000 | 23,73,010 | 2,17,990 | 91.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52,51,736 | 52,51,736 | 52,40,253 | 11,483 | 89.6 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 22,97,854 | 22,97,854 | 22,42,040 | 55,814 | 97.57 |
| ജനറൽ പർപ്പസ് ഫണ്ട് | 59,80,067 | 59,97,754 | 1,19,77,821 | 1,21,68,407 | (-)1,90,586 | |
| ദുരിതാശ്വാസ നിധി | 29,024 | 2,130 | 31,154 | 1,048 | 30,106 | 3.36 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 4,796 | 96,27,021 | 96,31,817 | 96,29,364 | 2,453 | |
| ബി-ഫണ്ട് | 0 | 2,37,29,000 | 2,37,29,000 | 2,37,29,000 | 0 | 100 |

## 1-6 വാർഷിക പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയ | ഭാഗികമായി | പദ്ധതി | നടപ്പാക്കാത്തത് | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ച പദ്ധതികൾ | അടങ്കൽ | ത്(എണ്ണം) | നടപ്പാക്കിയത് | ചെലവ് | | പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 4,33,30,460 | 133 | 32 | 3,03,44,271 | 13 | 70.02 |

2017-18 വാർഷിക പദ്ധതിക്ക് 27.12.2017 ലെ 490/17/DPC/DPO/KTM നമ്പർ തീരുമാനപ്രകാരം പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 28.04.2017 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 7.04.17,09.04.17 എന്നീ തീയതികളിലും വികസനസെമിനാർ 08.06.2017 തീയതിയിലും കൂടിയിട്ടുണ്ട്.

വാർഷിക പദ്ധതി

ഉത്പ്പാദനമേഖലയിൽ സമഗ്രനെൽകൃഷിവികസനം, ജൈവ പച്ചക്കറി, ടിഷ്യൂ കൾച്ചർ ഏത്തവാഴതൈ വിതരണം, സമഗ്ര വിളപരിപാലനം, കന്നുകുട്ടി പരിപാലനം, വെറ്ററിനറി ഹോസ്പിറ്റൽ, ഹോസ്പിറ്റൽ എന്നിവടങ്ങളിൽ മരുന്നു വാങ്ങൽ എന്നീ പദ്ധതികളും. സേവനമേഖലയിൽ ജീവിത ശൈലീ രോഗ നിയന്ത്രണം, പാലിയേറ്റീവ് കെയർ, ഉറവിട മാലിന്യ നിർമ്മാർജ്ജന പദ്ധതി, പ്ലാസ്റ്റിക് -ഇ വേസ്റ്റ് കളക്ഷൻ റൂം സ്ഥാപിക്കൽ എന്നിവയുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി. പശ്ചാത്തലമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തെരുവ് വിളക്കുകളുടെ പരിപാലനം, റോഡ് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു. സ്റ്റാറ്റസ് റിപ്പോർട്ട്, പദ്ധതികളുടെ നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്റ്റുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ സാമാന്യം തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സ് കണ്ടെത്തുക, അടങ്കൽ നിശ്ചയിക്കുക തുടങ്ങിയവയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പൊതുവരെ തൃപ്തികരമാണ്. കൃത്യമായ ഇടവേളകളിൽ യോഗം കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, കെട്ടിടനിർമ്മാണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട എല്ലാ പദ്ധതികളുടെയും സമയബന്ധിതമായ നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വനിതാവികസനം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, വൃദ്ധർ, കുട്ടികൾ എന്നിവയുമായി ബന്ധപ്പെട്ട നൂതന പദ്ധതികൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല. ആവിഷ്കരിച്ച പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുവെ തൃപ്തികരമായ രീതിയിലാണ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

| | ആകെ പ്രോജക്റ്റുകൾ | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 23,98,233 | 13,95,951 | 58.2 |
| വെറ്ററിനറി സർജൻ | 3 | 3 | 41,58,000 | 14,77,000 | 35.5 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 4 | 4 | 8,51,816 | 8,51,816 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 3,93,000 | 3,93,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 3,00,000 | 3,00,000 | 100 |
| എൽ.വി.ഇ.ഒ. | 5 | 2 | 19,34,322 | 9,81,431 | 50.7 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 34,13,200 | 26,94,184 | 78.9 |
| സെക്രട്ടറി | 18 | 12 | 41,86,965 | 25,33,093 | 60.5 |
| വി.ഇ.ഒ. | 5 | 5 | 33,76,262 | 20,79,210 | 61.5 |
| എ.ഇ. | 90 | 77 | 2,04,53,862 | 1,57,95,341 | 77.2 |
| എച്ച്.എം. | 2 | 2 | 3,50,000 | 3,50,000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 7,00,000 | 7,00,000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 8,14,800 | 7,93,245 | 97.3 |
| ആകെ | | | **4,33,30,460** | **3,03,44,271** | **70.02** |

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 417 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 85 പ്രോജക്ടുകളിൽ 70 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടുകളിൽ 82% പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷം 14 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 24441 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 531 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 95 അയൽക്കൂട്ടങ്ങളിൽ മുഴുവൻ അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 15 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, മൺറോഡ് നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ. 2017-18 വരവുചെലവ് കണക്കുകളുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4,796 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 96,73,737 | 96,79,567 |
| | പലിശ | 1,034 | |
| | ചെലവ് | 96,77,114 | |
| നീക്കിയിരിപ്പ് | | | 2,453 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 25 | 7,800 |
| കർഷകതൊഴിലാളി പെൻഷൻ | 244 | 27,83,800 |
| വിധവാപെൻഷൻ | 457 | 50,16,000 |
| വാർദ്ധക്യകാലപെൻഷൻ | 1181 | 1,37,76,300 |
| വികലാംഗപെൻഷൻ | 153 | 16,41,500 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള | 23 | 2,51,100 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 8 | 2,40,000 |

## 1-9 ക്യാഷ് പരിശോധന

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2019 തീയതിയിൽ 04:00 പി.എം.-ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 15,267/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെയും 41,400/- രൂപയുടെ ചെക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെയും കൃത്യതയും ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം (ബി) യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 'സാംഖ്യാ' സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങളുടെ രേഖപ്പെടുത്തൽ നടത്തുകയും സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക നീക്കിയിരുപ്പുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ/സബ് വൗച്ചറുകൾ തയ്യാറാക്കിയാണ് ചെലവുകൾ നടത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി അവതിപ്പിക്കുന്ന വാർഷിക കണക്കുകൾ ജനറൽ കമ്മിറ്റി പാസ്സാക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി 'സഞ്ചയ', 'സാംഖ്യ' സോഫ്റ്റ്‌വെയറുകളുടെ മാപ്പിംഗ് നടത്തിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14&15/02-19 | 1/2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2015 മുതൽ 09.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A/2278/2015 dtd 19.05.2015 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയതും വാർഷിക ഓഡിറ്റ് വേളയിൽ പരിഹരിച്ചിട്ടില്ലാത്തതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(എം.എസ്.)152/2011/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.

3) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികകണക്കുകളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

4) വർക്ക്ഷീറ്റ് തയ്യാറാക്കാത്തതിനാൽ വിവിധ ആസ്തികൾക്ക് നൽകിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

5) വസ്തുനികുതിയിനത്തിൽ വാർഷികകണക്കിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6) ബി-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.
7) 431910101 ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈബ്രറി സെസ് ഇനത്തിൽ ലഭ്യമാകുവാനുള്ള തുക, വസ്തുനികുതിയിനത്തിലെ കുടിശ്ശിക തുകയുടെ 5 ശതമാനമായല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.
8) തൊഴിൽനികുതിയിനത്തിലുള്ള (ജീവനക്കാർ/ട്രേഡേഴ്സ്)വാർഷികകണക്കിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
9) കുടിശ്ശിക തുകകൾക്ക് തൻവർഷം ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 വസ്തു നികുതി നിർണ്ണയം--സഞ്ചയ സോഫ്റ്റ് വെയറിൽ കണ്ടെത്തിയ അപാകങ്ങൾ

1) സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതിനുശേഷം നികുതി ഒഴിവാക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. (ഉദാഹരണം 3/327, 3/339 നമ്പർ കെട്ടിടങ്ങൾ )

2) ആരാധനാലയങ്ങൾക്ക് നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകുമ്പോൾ ആരാധനാലയം എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ഉടമസ്ഥാവകാശത്തിൽ ഇതേ വാർഡിൽ ആരാധനാലയം എന്ന ഗണത്തിൽ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുമുണ്ട്. ഉദാഹരണം- V1/379 പാലക്കാട്ടുമല പള്ളി വക, 1X-168 സെന്റ്. സെബാസ്റ്റ്യൻസ് ചർച്ച് പൈക്കാട് വക കെട്ടിടം

3) വിദ്യാഭ്യാസാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

| വാർഡ് നമ്പർ, കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | ഉടമയുടെ വിവരം |
|---|---|---|
| 5/445 | 63 | എം.എസ്.അജിത്കുമാർ |
| X11- 22 | 64.99 | കേരള വേലൻ മഹാസഭ കമ്മ്യൂണിറ്റി ഹാൾ |
| X11-89 | 18 | കുര്യൻ ജോസഫ് തെക്കേളവനാട്ട് |
| X11-163 | 25.5 | ഭാർഗവിയമ്മ ചക്കാലയിൽ |

മേൽ പ്രസ്താവിച്ച വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/26.3.19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 2-1-2 പള്ളി വക പാരീഷ് ഹാളിന് നികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് നാലാം വാർഡിൽ സെന്റ് ഫ്രാൻസിസ് അസ്സിസ്സി പള്ളി വക പാരീഷ് ഹാളിന് നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വ്യക്തമായി. കെട്ടിടം നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/26.3.19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 2-1-3 മോട്ടോർ ഷെഡ് എന്ന ഉപയോഗത്തിന് ഒരു വ്യക്തിയുടെ രണ്ട് കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ (പൂവത്തുങ്കൽ) ശ്രീ.അബ്രാഹം, ഇടത്തിനാലായ പാറക്കുടിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 27.65 ച.മീറ്ററും, 2 ച.മീറ്ററും തറ വിസ്തീർണ്ണമുള്ളതുമായ രണ്ട് കെട്ടിടങ്ങൾക്ക് യഥാക്രമം 2-50A, 2-50B എന്നീ നമ്പരുകൾ നൽകി കാർഷികാവശ്യത്തിനുള്ള മോട്ടോർ ഷെഡ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒരേ ഉടമസ്ഥന്റെ രണ്ട് കെട്ടിടങ്ങൾക്ക് ഒരേ സ്ഥലത്ത് മോട്ടോർ ഷെഡ് എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. മാത്രമല്ല 27.65 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം മോട്ടോർപുര എന്ന ആവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/27.3.19ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-1-4 അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തെറ്റായി വിജ്ഞാപനം ചെയ്തു-ബാങ്ക് കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

14.01.2011ലെ സ.ഉ.(അ)നം.19/2011/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗത്തിനും ഒരു ച.മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ പട്ടികയിലെ ക്രമ നം.2(V) പ്രകാരമുള്ള കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യുവൽ സ്റ്റേഷൻ എന്നാണ്. എന്നാൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചപ്പോൾ ഈ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം തെറ്റായി ബാങ്കുകൾ, പെട്ടികടകൾ എന്ന് രേഖപ്പെടുത്തുകയും ബാങ്കുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് മേൽ പരാമർശിത ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ, കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | നികുതി നിർണ്ണയിച്ച ഉപയോഗക്രമം |
|---|---|---|
| 1/ 184 | 116.2 | ഓഫീസ് ആവശ്യത്തിനുള്ളവ വ്യവയായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ |
| 111/ 245 | 56 | ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ |
| V111/ 123 | 242 | ഓഫീസ് ആവശ്യത്തിനുള്ളവ വ്യവയായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ |
| X111/ 128 | 72 | ഓഫീസ് ആവശ്യത്തിനുള്ളവ വ്യവയായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ |

ബാങ്കുകൾക്ക് യഥാർത്ഥത്തിൽ ബാധകമായ നിരക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടേതായിരുന്നു. ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ഒരു ച.മീറ്ററിന് 60 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് 70 രൂപയുമാണ്.
അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/27.3.19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-1-5 വസ്തുനികുതി നിർണ്ണയം നടത്താതെയും ലൈസൻസ് ഇല്ലാതെയും ഫ്യൂവൽ സ്റ്റേഷൻ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയതും വാർഡ് 1V- ൽ ശ്രീ.ഷിനോദ് ജോസഫ് ഉപ്പാംതടത്തിൽ എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനമാണ് ഉപ്പാംതടത്തിൽ ഫ്യൂവൽ സ്റ്റേഷൻ. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഇപ്രകാരം ഒരു ഉപയോഗക്രമത്തിന് ഒരു കെട്ടിടവും വാർഡ് 1V- ൽ നാളിതുവരെ നികുതി നിർണ്ണയം നടത്തിയതായി കാണുന്നില്ല. 2017-18 സാമ്പത്തിക വർഷം മേൽ പ്രസ്താവിച്ച സ്ഥാപനം ഡി&ഒ ലൈസൻസ് എടുത്തിട്ടുമില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറി നം.10/26.3.19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് നികുതികൾ കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2-1 ജീവനക്കാരുടെ തൊഴിൽ തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ലേബർ ഇൻഡ്യ പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 2 | കെ.എസ്.എഫ്.ഇ. മരങ്ങാട്ടുപള്ളി | രണ്ട് അർദ്ധവർഷങ്ങളും |
| 3 | സബ് ഗ്രൂപ്പ് ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ്, നരസിംഹസ്വാമിക്ഷേത്രം | രണ്ട് അർദ്ധവർഷങ്ങളും |
| 4 | സബ് ഗ്രൂപ്പ് ഓഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ചെറുവള്ളിക്കാവ്ക്ഷേത്രം | രണ്ട് അർദ്ധവർഷങ്ങളും |
| 5 | കുര്യനാട് മിൽക്ക് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 6 | ക്ഷീരസഹകരണസംഘം, ആണ്ടൂർ | രണ്ടാം അർദ്ധവർഷം |
| 7 | സൂര്യഗായത്രി ഫ്യൂവൽസ് | രണ്ട് അർദ്ധവർഷങ്ങളും |

തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/26.3.19 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തികവർഷം സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ലേബർ ഇൻഡ്യ പബ്ലിക് സ്കൂൾ | രണ്ട് അർദ്ധവർഷങ്ങളും |
| 2 | കെ.എസ്.എഫ്.ഇ. മരങ്ങാട്ടുപള്ളി | രണ്ട് അർദ്ധവർഷങ്ങളും |
| 3 | എച്ച്.ഡി.എഫ്.സി.ബാങ്ക് കുറിച്ചിത്താനം | രണ്ടാം അർദ്ധവർഷം |
| 4 | സെന്റ്.മേരീസ് മെറ്റൽ ക്രഷർ | രണ്ടാം അർദ്ധവർഷം |
| 5 | ഹൈ-കെയർ ഗ്ലൗസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളും |
| 6 | ഐജു നീരാക്കൽ ലാറ്റക്സ് കുര്യനാട് | രണ്ടാം അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/26.3.19ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-3-1 ഡി &ഒ ട്രേഡ് ലൈസൻസ്

2017-18 സാമ്പത്തിക വർഷം ആകെ 156 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയക്രമം (സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുപ്പത് ദിവസം മുൻപ്) പാലിച്ച് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് നാമമാത്രമായ സ്ഥാപനങ്ങൾ മാത്രമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 30.10.17 ൽ ജി.ഒ.(പി) 80/17 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം

11/2017മുതൽ പുതുക്കിയ ചട്ടപ്രകാരമായിരുന്ന ലൈസൻസ് നൽകേണ്ടിയിരുന്നത്. എന്നാൽ സാമ്പത്തിക വർഷാവസാനം വരെ പഴയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യ വ്യവസായ ആവശ്യങ്ങൾക്ക് എന്ന ഉപയോഗക്രമത്തിന് 778 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 156 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത് ഇതിൽ നിന്നും വളരെ അധികം സ്ഥാപനങ്ങൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് നേടാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിനും കഴിയുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ബാധകമായ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

## 2-3-2 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

ശ്രീ.ജ്യോതീന്ദ്രനാഥൻ നമ്പൂതിരി തന്റെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന്റെ 2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിരിക്കുന്നത് 2,00,000/- രൂപയാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 7 (പട്ടിക രണ്ട്) പ്രകാരം ഒരു ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള സ്ഥാപനങ്ങളിൽ നിന്നും 4,000/- രൂപ ഫീസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫീസിനത്തിൽ 2,000/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/26.3.19ന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-3 മുൻ വർഷം ഈടാക്കിയതിൽ കുറഞ്ഞ നിരക്കിൽ ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കി

ശ്രീ.ജെയിംസ് സെബാസ്റ്റ്യൻ ആനയ്ക്കനാട്ട് എന്നയാൾക്ക് 374/1, 374/1A എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുവിൽ പാറമട നടത്തുന്നതിന് ലൈസൻസ് (നം.605/17/27.2.17) നൽകിയിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ 2,000/- രൂപ രസീത് നമ്പർ 11603104115/ 27.3.17 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ടിയാൾക്ക് ലൈസൻസ് നൽകിയപ്പോൾ 4,000/- രൂപ (രസീത് നമ്പർ 11603101162/28.9.16) ഈടാക്കിയിരുന്നു. ലൈസൻസ് ഫീസ് ഇത്രയും കുറയുവാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/26.3.19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-3-4 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

2017-18 സാമ്പത്തിക വർഷം താഴെപറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1) | ഹൈ- കെയർ ഗ്ലൗസ് പ്രൈവറ്റ് ലിമിറ്റഡ് |
| 2) | ഇ.ആർ. സി. എം. പി.യു. ലിമിറ്റഡ് ചില്ലിംഗ് പോയിന്റ് മരങ്ങാട്ടുപള്ളി |
| 3) | മരങ്ങാട്ടുപള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിൽ 1, 111. V111, X111, എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്ന വളം വിൽപന ശാലകൾ |
| 4) | ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ |
| 5) | ശ്രീധരി ഫാർമസ്യൂട്ടിക്കൽസ് കുറിച്ചിത്താനം |

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) ). ലൈസൻസ് നൽകേണ്ട

സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചട്ടത്തോടൊപ്പമുള്ള പട്ടിക 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/26.03.19ന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-5 ഡി&ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ഒന്നിലധികം ജീവനക്കാരെ/തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള റബ്ബർ/പോളിമർ അധിഷ്ഠിതമായ ഓട്ടോമൊബൈൽ വർക് ഷോപ്പുകളും മറ്റ് ചെറുകിട വ്യവസായ സ്ഥാപനങ്ങളും, ഹോട്ടൽ/ ബേക്കറി സ്ഥാപനങ്ങളും തടിമില്ലുകളും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡി & ഒ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതികളിൽ ഇത്തരം സ്ഥാപനങ്ങൾ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവന ക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിത ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | യദു വിവേക് എം., പഴയിടം കൺഫെക്ഷണറീസ് | 8 |
| 2 | പി.ജെ.തോമസ്, വെട്ടിക്കാട്ടുപാറയിൽ, മെറ്റൽക്രഷർ | 6 |
| 3 | മാനുവൽ ജോസഫ്, മലയാളം ടിമ്പേഴ്സ് | 7 |
| 4 | സെക്രട്ടറി ഭാഗ്യശ്രീ അമൃതം ഫുഡ് പ്രോഡക്ട്സ് കുര്യനാട് | 9 |
| 5 | രാജേഷ് എം.എം. മഴുവനമുട്ടേൽ, റിയൽ സ്റ്റീൽസ് | 4 |
| 6 | ബിജു ചെറിയാൻ പരിയാനിക്കൽ സോമിൽ | 7 |
| 7 | പി.പി.തങ്കൻ, ചിറ്റിയം വീട്ടിൽ, റെക്സ് എഞ്ചിനീയറിംഗ്& അലൈഡ് പ്രോഡക്ട്സ് | 7 |
| 8 | സിൽവിയ സന്തോഷ് മറ്റം എന്റർപ്രൈസസ് | 4 |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.13/26.3.19ന് മറുപടി ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികകളിൽ നൽകിയിട്ടുള്ളത്. കള്ള് ഷാപ്പുകൾ, അക്ഷയാ കേന്ദ്രങ്ങൾ, റേഷൻകടകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ഭാവിയിൽ, തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 ഇ- ടെൻഡർ ഫീസ് തിരികെ ലഭ്യമാക്കാത്തത് സംബന്ധിച്ച്

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ബാങ്ക് ഇടപാട് നടത്തുന്നത് മരങ്ങാട്ടുപിള്ളി എസ്.ബി.ഐ.ലെ 67291308173 നം. അക്കൗണ്ടിലാണ്. നാളിതുവരെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

അക്കൗണ്ടിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. ടെൻഡർ ഫോം വിലയിനത്തിൽ 2017-18 വർഷം ലഭിക്കുവാനുള്ള തുകയും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അധികമായി വകയിരുത്തിയ ഓവർഹെഡ്ചാർജ് കുറവ് ചെയ്തില്ല- കൺവീനർക്ക് അധിക തുക നൽകി

മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ 7.5 % ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 01.07.2017 ന ശേഷം തയ്യാറാക്കുന്ന ബില്ലുകളിൽ നിന്നും ജി.എസ്.റ്റി കുറവ് ചെയ്യേണ്ട എന്ന് സർക്കാർ ഉത്തരവായിരുന്നു. ആയതിനാൽ ആദായനികുതി 2 ശതമാനവും നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1 ശതമാനവും മാത്രമാണ് കുറവ് ചെയ്തിരുന്നത്. ഇക്കാരണത്താൽ ഓവർഹെഡ്ചാർജായി ഉൾപ്പെടുത്തിയ 7.5% ൽ 4.5% കൺവീനർക്ക് അധികം നൽകാൻ ഇടയായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ശാന്തിനഗർ അങ്കണവാടി മെയിന്റനൻസ്

പ്രോജക്റ്റ് നം. 134/18

അടങ്കൽ- 1,00,000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 87,500 രൂപ (ബിൽ നം.75/17-18/ 28.03.2018)

കൺവീനർ- ലത കെ.ആർ., കണ്ണോലാങ്കൽ, മണ്ണയ്ക്കനാട്

| | |
|---|---|
| ആകെ വേലമൂല്യം | 87,500 |
| (-)ആദായനികുതി 2% | 1,750 |
| (-)നിർമാമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 875 |
| (-)ഫൈൻ | 2,625 |
| കൺവീനർക്ക് നൽകിയ തുക | 82,250 |
| കൺവീനർക്ക് അധികം നൽകിയ തുക (87500/1.075x0.045) | 3,663 |

2) വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കുള്ള ഓഫീസ് സംവിധാനം ഒരുക്കൽ

പ്രോജക്റ്റ് നം.144/18

അടങ്കൽ- 4,95,000 രൂപ (ലോകബാങ്ക് ധനസഹായം- 451567 + തനത് ഫണ്ട്- 43433 )

ചെലവ്- 4,88,941 രൂപ (ലോകബാങ്ക് ധനസഹായം- 451567, ബിൽ നം.24/17-18/ 29.12.2017+ തനത് ഫണ്ട്- 37374 )

കൺവീനർ- ജോജോ ഫ്രാൻസിസ്, പൂതക്കാട്ടിൽ, മരങ്ങാട്ടുപിള്ളി

| | |
|---|---|
| ആകെ വേലമൂല്യം | 4,93,880 |
| (-)ഫൈൻ | 4,939 |
| | 4,88,941 |
| (-)ആദായനികുതി 2% | 9,878 |
| (-)നിർമാമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 4,939 |
| 1.7.2017 ന് മുൻപ് നിർവ്വഹിച്ച പ്രവൃത്തിയുടെ വാറ്റ് ( 31606x5/100) | 1,580 |
| കൺവീനർക്ക് നൽകിയ തുക | 4,72,544 |

| | |
|---|---|
| കൺവീനർക്ക് അധികം നൽകിയ തുക (493880-31606)/1.075x0.045) | 19,351 |

മേൽ ചേർത്ത പ്രകാരം കൺവീനർമാർക്ക് അധികം തുക നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൺവീനർമാർക്ക് അധികം നൽകിയ 3,663 രൂപയും 19,351 രൂപയും ബന്ധപ്പെട്ട കൺവീനർമാരിൽനിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ നല്കുകയോ ചെയ്തിട്ടില്ല

മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ നല്കുകയോ ചെയ്തിട്ടില്ല.

സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് (The empty containers shall not be removed from the site of work, till the relevant item of work has been completed and permission obtained from the Engineer-in-Charge. A few drums may be removed before completion of work for heating bitumen and mixing aggregates etc. with the permission of the Engineer-in-Charge. Empty drums required to be returned to stores shall be in good condition. Recovery rate for non-return of the empty drums or for the damaged drums shall be as decided by the Engineer-in-Charge.) കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| പ്രോജക്ട് നം. 131/18<br>ഓലിയ്ക്കൽ ലക്ഷംവീട് റോഡ് ടാറിംഗ്<br>കരാറുകാരൻ- മാത്തച്ചൻ എം വടാന | 16 | വില 3808/-(16x238)<br>ജി.എസ്.ടി 18%- 685/- |
| പ്രോജക്ട് നം.132/18<br>മൈലയ്ക്കൽ- നെടുംപാറ റോഡ് റീടാറിംഗ്.<br>കരാറുകാരൻ- ജയൻ ഫിലിപ്പ്, മുടക്കാലിൽ, പടിഞ്ഞാറ്റിൻകര | 14 | വില 3332/-(14x238)<br>ജി.എസ്.ടി 18% -600/- |
| പ്രോജക്ട് നം.130/18<br>അരുവിക്കുഴി- ആരോഗ്യകേന്ദ്രം- കുന്നുമല റോഡ് റീടാറിംഗ്<br>കരാറുകാരൻ- ഷാജി എബ്രഹാം കളപ്പുരയ്ക്കൽ, കിടങ്ങൂർ | 9 | വില 2142/-(9x238)<br>ജി.എസ്.ടി 18%- 386/- |
| ആകെ | | 9282+1671 ജി.എസ്.റ്റി |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാരൽവില 9,282 രൂപയും ജി.എസ്.റ്റി 1,671 രൂപയും തിരികെ ഈടാക്കി അതാത് ശീർഷകത്തിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല - പിഴ ഈടാക്കിയിട്ടില്ല

മരങ്ങാട്ടുപിള്ളി ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ കരാർ കാലാവധിയിൽ പൂർത്തിയാക്കിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന്

കരാറുകാരൻ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചതായോ കാലാവധി ദീർഘിപ്പിച്ച നൽകിയതായോ സപ്ലിമെന്ററി കരാർ ചമച്ചതായോ കാണുന്നില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണ ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 25 % അഥവാ 6 മാസം ഏതാണോ കുറവ് അത്രയും കാലം ദീർഘിപ്പിച്ച നൽകാവുന്നതാണ്. പരമാവധി ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50 % ദീർഘിപ്പിച്ച നൽകാവുന്നതാണ്. സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അസിസ്റ്റന്റ് എൻജിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ദുർബലപ്പെട്ടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്ന സംഗതികളിൽ ആദ്യതവണ APAC യുടെ 1 % ഉം അതിനുശേഷം 2 % ഉം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. പിഴ ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | കരാറുകാരൻ | സൈറ്റ് കൈമാറിയ തീയതി, പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | APAC | ഈടാക്കേണ്ടിയിരുന്ന പിഴ PAC യുടെ 1 % |
|---|---|---|---|---|---|
| 131/ 18, ഓലിയ്ക്കൽ ലക്ഷംവീട് റോഡ് ടാറിംഗ് | മാത്തച്ചൻ എം. വടാന | 10.01.17, 3 മാസം | 12.05.2017 | 3,59,615 | 3,596 |
| 132/ 18, മൈലയ്ക്കൽ-നെടുംപാറ റോഡ് റീടാറിംഗ് | ജയൻ ഫിലിപ്പ്, മുടക്കാലിൽ, പടിഞ്ഞാറ്റിൻകര | 09.01.17, 3 മാസം | 23.05.2017 | 2,31,825 | 2,318 |
| 130/18, അരുവിക്കുഴി-ആരോഗ്യകേന്ദ്രം-കുന്നമല റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ് | ഷാജി എബ്രഹാം കളപ്പുരയ്ക്കൽ, കിടങ്ങൂർ | 13.01.17, 3 മാസം | 08.05.2017 | 3,39,862 | 3,399 |

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ചും സപ്ലിമെന്ററി കരാർ ചമച്ചയ്ക്കാതിരുന്നത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാനുള്ള പിഴ തുകയായ 9,313/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല

മരങ്ങാട്ടുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളെ സംബന്ധിച്ച കണക്കുകൾക്ക് വ്യക്തതയില്ല. പ്രധാനമായും കെ.എസ്.ഇ.ബി.യുടെ മരങ്ങാട്ടുപ്പിള്ളി സെക്ഷന്റെ കീഴിലാണ് തെരുവുവിളക്കുകൾ അധികവും പ്രവർത്തിക്കുന്നത്. കൂടാതെ കിടങ്ങൂർ, പാലാ തുടങ്ങിയ സെക്ഷനുകളുടെ കീഴിലും തെരുവുവിളക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മരങ്ങാട്ടുപ്പിള്ളി സെക്ഷനിൽ മാർച്ച്-2018 ൽ 53,953/-രൂപ തെരുവുവിളക്കുകളുടെ കറണ്ട് ചാർജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം എല്ലാ മാസങ്ങളിലും തന്നെ അമ്പതിനായിരത്തിലധികം തുക തെരുവുവിളക്കുകളുടെ കറണ്ട് ചാർജിനത്തിൽ അടവാക്കുന്നുണ്ട്. കെ.എസ്.ഇ.ബി. മരങ്ങാട്ടുപ്പിള്ളി ഇലക്ട്രിക്കൽ സെക്ഷന്റെ 11.07.2018 ലെ കത്ത് പ്രകാരം 06/18 മുതൽ 10/18 വരെ മാസങ്ങളിലായി 1,41,829/-രൂപ അധിക വൈദ്യുത ചാർജിനത്തിൽ അടവാക്കണമെന്ന് അറിയിച്ചിരുന്നു. ടി തുക ചെക്ക് നം.2689300/28.11.18 പ്രകാരം പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ എം.2-2/18/31.08.18പ്രകാരം അതത് മാസത്തെ ബില്ലിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് മുടക്കമില്ലാതെ അടവാക്കിയിട്ടും അധിക തുക അടവാക്കുന്ന സാഹചര്യം ഉണ്ടായതിൻ മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഇതു

സംബന്ധിച്ച മറുപടി ലഭ്യമായില്ല. മാത്രമല്ല തെരുവുവിളക്കുകളെ സംബന്ധിച്ച് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. അടിയന്തിരമായി തെരുവുവിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കറണ്ട് ചാർജ്ജിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 സോഡിയം വേപ്പർ ലാമ്പുകൾ പ്രവർത്തിക്കുന്നില്ല-വൈദ്യുത ചാർജിനത്തിൽ ഭീമമായ തുക അടവാക്കുന്നു

സോഡിയം വേപ്പർ ലാമ്പുകളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.5) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടി അനുസരിച്ച് മരങ്ങാട്ടുപ്പിള്ളി സെക്ഷന്റെ ഡിമാന്റ് പ്രകാരം 62 എണ്ണവും കുറവിലങ്ങാട് സെക്ഷന്റെ ഡിമാന്റ് പ്രകാരം 42 എണ്ണവും ഉണ്ട്. ആയതിന് പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടില്ലന്നും നിലവിലുള്ള തെരുവുവിളക്കുകളുടെ കൺസ്യൂമർ നമ്പറിൽ ഉൾപ്പെടുത്തിയാണ് ഇവയുടെ വൈദ്യുത ചാർജ് ഈടാക്കുന്നതെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. പഞ്ചായത്ത് തലത്തിൽ നടത്തിയ പരിശോധനയിൽ സോഡിയം വേപ്പർ ലാമ്പുകൾ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് സംയുക്ത പരിശോധന ആവശ്യപ്പെട്ട് പഞ്ചായത്ത് കത്ത്നൽകിയിരുന്നുവെങ്കിലും നാളിതുവരെ നടത്തിയിട്ടില്ല. ടി സാഹചര്യത്തിൽ പ്രവർത്തന രഹിതമായ 104-ലോളം സോഡിയം വേപ്പർ ലാമ്പുകൾക്ക് വൈദ്യുത ചാർജിനത്തിൽ തുക അടവാക്കുന്നത് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടമാണ്. ആയതിനാൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുകയും ഓരോ സോഡിയം വേപ്പർ ലാമ്പിനും പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിപ്പിക്കുന്നതിനും എല്ലാ ലാമ്പുകളുടെയും പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ആശ്രയ വിഹിതം അടവാക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ 102/17-18 |
| പ്രോജക്ട് | ആശ്രയ വിഹിതം അടവാക്കൽ |
| അടങ്കൽ | 1,00,000 |
| ചെലവ് | 1,00,000(ബിൽ നം.05/17-18/14.12.17) |

ആശ്രയപദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി 25,000 രൂപ വീതം നൽകുന്നതിനായി 1 ലക്ഷം രൂപ പിൻവലിച്ച് സി.ഡി.എസ്.ന്റെ 67301221295 നമ്പർ അക്കൗണ്ടിലേയ്ക്ക് അടവാക്കി. ശ്രീമതി സുശീല സുരേന്ദ്രൻ, ആലീസ് ജോയി എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് തൻവർഷം തന്നെ 25,000 രൂപ വീതം അനുവദിച്ചിട്ടുണ്ട് എങ്കിലും നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. ശ്രീമതി പെണ്ണമ്മ രഘു, ഏലിക്കുട്ടി ഉലഹന്നാൻ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി പിൻവലിച്ച 50,000 രൂപ നാളിതുവരെ ചെലവഴിക്കാതെ സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 കശുമാവ് കൃഷി വ്യാപനം-രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ 51/17-18 |
| പ്രോജക്ട് | കശുമാവ് കൃഷി വ്യാപനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1,35,000 |
| ചെലവ് | 1,29,880 |

കശുമാവ് കൃഷി വ്യാപനം പദ്ധതിക്ക് വേണ്ടി കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും 2400 കശുമാവിൻ തൈകൾ 50 രൂപ നിരക്കിൽ ആകെ 1,20,000/- രൂപക്ക് വാങ്ങി.ട്രൻസ്പോർട്ടേഷൻ ഇനത്തിൽ 9,880/-രൂപ ഉൾപ്പെടെ ആകെ 1,29,880 രൂപ ടി പദ്ധതിക്ക് വേണ്ടി ചെലവഴിച്ചു. കുരുമുളക് വികസന സമിതി

മുഖേന നടപ്പിലാക്കിയ ടി പദ്ധതിയിൽ ആകെ 240 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത നിരവധിയാളുകൾക്ക് കശുമാവിൻ തൈകൾ നൽകിയതായി കാണുന്നു. ഗുണഭോക്താക്കളുടെ അപേക്ഷയുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അക്വിറ്റൻസ് രജിസ്റ്റർ എഴുതി ഒപ്പിട്ടിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷ, മറ്റനുബന്ധ രേഖകൾ എന്നിവയൊന്നും ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,29,880 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്തിന്റെ സമഗ്രമായ കാർഷിക പുരോഗതിക്ക് ഉതകുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കുകയും ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

## 3-8 പശ്ചിമഘട്ട വികസന പദ്ധതി -വിഭാവനം ചെയ്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.154/17-18 |
| പ്രോജക്ട് | പശ്ചിമഘട്ട വികസന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 2,44,956 |
| ചെലവ് | 2,44,956 |

പശ്ചിമ ഘട്ട വികസന പദ്ധതിയുടെ ഭാഗമായി 9 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. ചീനക്കല്ലേൽ തോട് ഭിത്തി നിർമ്മാണം, പാറക്കടി ചെക്ക് ഡാം നിർമ്മാണം, കിണർ റീചാർജിംഗ്, സിഗിൾ വീൽ ബാരോ, ഹെൻ വിത്ത് കേജ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാല് പദ്ധതികൾ നിലവിൽ പൂർത്തിയാക്കേണ്ടതുണ്ട്. ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 21.122017 | 1,17,140 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 1,17,140 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 14.12.2017 | 50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 25.11.2017 | 2,15,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,15,000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നിർവ്വഹണ എജൻസികൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ തൻവർഷം 1,80,000 രൂപ വരവുണ്ട്. തൻ വർഷം തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവനപദ്ധതി | 1,12,00,000 | 61,88,000 | 1,80,000 | 9,00,000 | 0 | 54,68,000 |

## 4-5 സ്ഥിര നിക്ഷേപം

31.03.2018 - ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് 25,000 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 25,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 44037, തീയതി 02.01.08, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 15,000 |
| നമ്പർ 50596, തീയതി 11.02.10, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 10,000 |
| ആകെ | 25,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-3 | 2011-12 | 2-6 | നിക്ഷേപപ്രവർത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി.97360 | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| - | - | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക--1,90,077 രൂപ | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 6,18,71,810 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,13,73,617 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,609 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,29,880 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,014 | ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 9,282 | ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 9,313 | ശ്രീ.സനീഷ് കെ.ബി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | **41,609** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 1,00,000 | ശ്രീമതി റാണി തണ്ടാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 1,29,880 | ശ്രീമതി റീന കുര്യൻ, കൃഷി ഓഫീസർ |
| ആകെ | **2,29,880** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1671, ജി.എസ്.ടി.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സനീഷ് കെ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മരങ്ങാട്ടുപിള്ളി | കൊട്ടാരത്തിൽ വീട്, ഇടമറ്റം പി.ഒ., പാലാ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 2018-39(2)18/09.01.18 | 02 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 2018/39(2)/18/09.01.18 | 01 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(4)18/03.01.18 | 02 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(6)/18/09.01.18 | 02 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(7)/09.01.18 | 03 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(8)/09.01.18 | 02 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(9)/09.01.18 | 02 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(10)/09.01.18 | 04 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(11)/09.01.18 | 06 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(12)/09.01.18 | 03 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി4(അദാ) 18/39(13)/09.01.18 | 04 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി4/1124/16/23.2.17 | 10 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി4/1174/15.11.17 | 06 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി4/1514/17/9.10.17 | 13 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## <u>അനുബന്ധം **1**</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി**4-315/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:**17.04.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം